**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1564** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിലെ അൺസർവ്വേ ലാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ അൺസർവ്വേ ലാന്റുകൾ സർവ്വേ ചെയ്യുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 4 വർഷം കൊണ്ട് സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ റീസർവ്വേ പൂർത്തിയാക്കുന്നതിനായി ഡിജിറ്റൽ ലാൻഡ് സർവ്വെ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളതും, അതിന്റെ ആദ്യ ഘട്ട സർവ്വെയ്ക്കായ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ സർവ്വെ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. തൃശ്ശൂർ ജില്ലയിൽ നിന്നും ഒന്നാം ഘട്ട സർവെയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള 23 വില്ലേജുകളിൽ ഗുരുവായൂർ മണ്ഡലത്തിലെ ഏങ്ങണ്ടിയൂർ വില്ലേജ് ഉൾപ്പെട്ടുവരുന്നു. ഡിജിറ്റൽ സർവ്വെയുടെ അടുത്ത ഘട്ടങ്ങളിൽ ഗുരുവായൂർ മണ്ഡലത്തിൽ നിന്നും കൂടുതൽ വില്ലേജുകളെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. ടി വില്ലേജുകളെ ഡിജിറ്റൽ സർവ്വെക്കായി തിരഞ്ഞെടുക്കുന്ന മുറയ്ക്ക് ടി വില്ലേജുകളിലെ അൺ സർവ്വെയ്ഡ് ലാൻഡ്, സർക്കാർ പുറമ്പോക്ക് ഭൂമി ഉൾപ്പെടെയുള്ള ഭൂമികളും സർവ്വെ ചെയ്ത് ഡിജിറ്റൽ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശത്ത് കടൽ പുറമ്പോക്കുകൾ വൻതോതിൽ കയ്യേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കടൽ പുറമ്പോക്കുകൾ സർവ്വേ ചെയ്ത് സർക്കാരിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതു ആവശ്യത്തിനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഈ കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ